MMB Newsletter

Vol. 4, Issue 5 July - September 2024

# നോവിഷ്യേറ്റ് പ്രവേശനം



**മരിയാപുരം:** മലബാർ മിഷനറി ബ്രദേഴ്സ് ഭോപ്പാൽ അസ്സീസി പ്രോവിൻസിൽ നിന്നുള്ള ഒറീസയിലെ റൂർക്കല രൂപതാംഗം സരോജ് ഡംഗ് ഡംഗും ഝാർഖണ്ഡിലെ ഗുംല രൂപതാംഗം ഗുൽഷൻ ബംഗ് എന്നീ രണ്ട് പോസ്റ്റുലന്റ്സ് മരിയാപുരത്തെ സെന്റ് മാർട്ടിൻ നോവിഷ്യേറ്റിൽ പ്രവേശിച്ചു. എം. എം. ബി. സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ മരിയാപുരം മിഷൻഹോമിൽവച്ച് നടന്ന പ്രത്യേക പ്രാർത്ഥനാശുശ്രൂഷ യിലൂടെയാണ് അവരെ നവസന്യാസത്തിലേക്ക് സ്വീകരിച്ചത്. മിഷൻഹോം സുപ്പീരി യർ ബ്രദർ സാവിയോ ഒലക്കേങ്കിൽ അവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകി അവരെ നോവിഷ്യറ്റിലേക്ക് ആനയിച്ചു.

# അഭയം നൽകി





**ഇരിങ്ങാലക്കുട:** അലഞ്ഞുനടന്ന് കടത്തിണ്ണയിലും ഇടിഞ്ഞുവീഴാറായ കെട്ടിട വരാന്തകളിലും അന്തിയുറങ്ങിയിരുന്ന നെടുമ്പാറൻ ശിവരാമന് മലബാർ മിഷനറി ബ്രദേഴ്സിന്റെ ഇരിങ്ങാലക്കുടയിലെ ഹൗസ് ഓഫ് പ്രൊവിഡൻസ് അഭയം നൽകി. ദൈവപരിപാലനാഭവനം മാനേജർ ബ്രദർ ഗിൽബർട്ട് ഇടശ്ശേരി ജില്ലാ സാമൂഹിക നീതി വകുപ്പിന്റെ അനുമതിയോടെയാണ് ശിവരാമന് അഭയമേകിയത്. മുമ്പ് മുംബൈയിലായിരുന്ന ശിവരാമൻ നാട്ടിലെത്തിയശേഷം അലഞ്ഞുനടക്കുകയായിരുന്നു. സന്നദ്ധ പ്രവർത്തകർ സാമൂഹികക്ഷേമവകുപ്പുമായി സഹകരിച്ച് ആധാർ കാർഡും റേഷൻകാർഡും ലഭ്യമാക്കിയ ശേഷമാണ് സാമൂഹിക ക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ പുരനരധിവാസത്തിന് അനുമതി നൽകിയത്.

# പ്ലാറ്റിനം ജൂബിലി സ്മരണിക വിതരണോദ്ഘാടനം



**മരത്താക്കര:** മലബാർ മിഷനറി ബ്രദേഴ്സിന്റെ പ്ലാറ്റിനം ജൂബിലി സ്മാരകമായി പുറത്തിറക്കിയ സ്മരണികയുടെ വിതരണോദ്ഘാടനം മരത്താക്കര എം. എം. ബി. ജനറലേറ്റിൽ വച്ച് സെന്റ്തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ബ്രദർ ജോസ് ചുങ്കത്തിന് ആദ്യപ്രതി നല്കിക്കൊണ്ട് സുപ്പീരിയർ ജനറൽ ബഹു. ബ്രദർ ബാസ്റ്റിൻ കാരുവേലിൽ നിർവഹിച്ചു. മഹത്തായ ദർശനങ്ങളും കാലികമായ സേവനശൈലിയുമായി മുന്നേറുന്ന മലബാർ മിഷനറി ബ്രദേഴ്സിന്റെ ഇതുവരെയുള്ള ചരിത്രവും ഉയർച്ചതാഴ്ചകളും അതിലുപരി ദൈവാനുഗ്രഹത്തിന്റെ നീർച്ചാലുകളും വർണ്ണിക്കുന്ന സ്മരണിക എം. എം. ബി. സമൂഹത്തെക്കുറിച്ചുള്ള ആധികാരിക റഫറൽ ഗ്രന്ഥം എന്ന നിലയിലാണ് തയ്യാറാക്കിയിരിക്കുന്നത്. വിതരണോദ്ഘാടന ചടങ്ങിൽ ജനറൽ കൗൺസിലേഴ്സും സ്മരണിക കമ്മിറ്റി അംഗങ്ങളും പങ്കെടുത്തു. ജൂബിലി ആഘോഷ കമ്മിറ്റി ജനറൽ കൺവീനർ ബഹു. ബ്രദർ എഡ്വിൻ കുറ്റിക്കൽ എം. എം. ബി. സ്വാഗതവും മലബാർ മിഷനറി ബ്രദേഴ്സ് സെക്രട്ടറി ജനറൽ ബഹു. ബ്രദർ പൗലോസ് അരുമ്പൂപറമ്പിൽ നന്ദിയും പറഞ്ഞു. പങ്കെടുത്ത ഏവർക്കും സ്മരണികയുടെ കോപ്പികൾ വിതരണം ചെയ്തു.

PRECEPTS OF THE FOUNDER

**"Live in love, advance in sacrifice, surrender life in suffering".**

Msgr. Zacharias Vazhappilly
MMB Founder



# റവ. ബ്രദർ ഗബ്രിയേൽ : സുവിശേഷം അക്ഷരാർത്ഥത്തിൽ ജീവിച്ച വ്യക്തി – മാർ ടോണി നീലങ്കാവിൽ



**മരിയാപുരം :** സുവിശേഷം അക്ഷരാർത്ഥത്തിൽ സ്വന്തം ജീവിതത്തിൽ പകർത്തിയ യോഗീവര്യനായിരുന്നു ബ്രദർ ഗബ്രിയേൽ പഴയാറ്റിൽ MMBയെന്ന് മാർ ടോണി നീലങ്കാവിൽ പ്രസ്താവിച്ചു. ബ്രദർ ഗബ്രിയേലിന്റെ ഒന്നാം ചരമവാർഷികത്തിലെ ദിവ്യബലിമധ്യേ അനുസ്മരണപ്രഭാഷണം നടത്തുകയായിരുന്നു തൃശൂർ അതിരൂപതാ സഹായമെത്രാൻ. ''യേശുവിന്റെ അന്ത്യവിധിയെക്കുറിച്ചുള്ള (മത്താ. 25: 31-46) സുവിശേഷം സന്ദേശത്തിൽ പറയുന്ന നഗ്നനെ ഉടുപ്പിക്കുക, വിശക്കുന്നവന് ഭക്ഷണം നൽകുക, രോഗിയെ ശുശ്രൂഷിക്കുക, ഭവനവിഹീനന് അഭയം നൽകുക എന്നീ ശുശ്രൂഷകളിലൂടെ ദൈവവചനം ജീവിച്ച് ലോകാരംഭം മുതൽ സജ്ജമാക്കിയിരിക്കുന്ന സ്വർഗ്ഗരാജ്യം അവകാശമാക്കി മുന്നേറിയ വ്യക്തിയായിരുന്നു ബ്രദർ ഗബ്രിയേൽ. അതിനാൽ തന്നെ ഈ ചരമവാർഷികാചരണത്തിൽ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അദ്ദേഹത്തോടും പ്രാർത്ഥിക്കുന്നതിൽ മടി കാണിക്കേണ്ടതില്ലെന്ന ആദരണീയനായ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്തിന്റെ വാക്കുകളോട് ഞാനും യോജിക്കുകയാണ്''. അനുസ്മരണ സമൂഹബലിയിൽ ബിഷപ്പ് മുഖ്യകാർമ്മികത്വം വഹിച്ചു. ബ്രദർ ഗബ്രിയേലിന്റെ അനുജൻ കപ്പൂച്ചിൻ വൈദികനായ റവ. ഡോ. ഹർഷജൻ പഴയാറ്റിലും മറ്റ് വൈദികരും സഹകാർമ്മികരായി. വാർഷികാചരണത്തിനെത്തിയ എല്ലാവർക്കും പ്രൊവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്ത് സ്വാഗതമാശംസിച്ചു. സുപ്പീരിയർ ജനറൽ ബ്രദർ ബാസ്റ്റിൻ കാരുവേലിൽ MMB ബ്രദർ ഗബ്രിയേൽ പഴയാറ്റിലിന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചു.



# ബ്രദർ ഗബ്രിയേലിന്റെ സേവനം മഹത്തരം : മന്ത്രി ഡോ. ആർ. ബിന്ദു



**ആനന്ദപുരം:** ''സമൂഹത്തിലെ അവശരും അവഗണിക്കപ്പെട്ടവരുമായ വൃദ്ധജനങ്ങൾക്കായി ബ്രദർ ഗബ്രിയേൽ പഴയാറ്റിൽ ഞങ്ങളെ ചെയ്ത സേവനങ്ങൾ മഹത്തരമാണെന്ന്'' കേരള സാമൂഹ്യക്ഷേമ-ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീമതി ഡോ. ആർ. ബിന്ദു വ്യക്തമാക്കി. ഞങ്ങളെ സമൂഹത്തിന്റെ മുൻ സുപ്പീരിയർ ജനറൽ ബ്രദർ ഗബ്രിയേലിന്റെ അനുസ്മരണയോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അവർ. ''കാരുണ്യം നിറഞ്ഞ സമീപനത്തോടെ മനുഷ്യർക്കു സേവനം ചെയ്യുന്നതിൽ എന്നും കർമ്മനിരതനായിരുന്നു അദ്ദേഹം. ജീവിതവിശുദ്ധി കാത്തുസൂക്ഷിച്ച അദ്ദേഹത്തിന്റെ സത്പ്രവൃത്തികൾ സമൂഹത്തിന് എന്നും മാതൃകയാണെന്നും'' മന്ത്രി കൂട്ടിച്ചേർത്തു. ആനന്ദപുരം ചെറുപുഷ്പദൈവാലയത്തിൽ നടന്ന ചടങ്ങിൽ ചാലക്കുടി എം. എൽ. എ. ശ്രീ. ടി. ജെ. സനീഷ്കുമാർ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. MMB പ്രൊവിൻഷ്യൽ സുപ്പീരിയർ ബ്രദർ ജോസ് ചുങ്കത്ത്, ആനന്ദപുരം പള്ളി വികാരി ഫാ. ജോൺസൺ തറയിൽ, ഇരിങ്ങാലക്കുട രൂപതാ മുൻ വികാരി ജനറാൾ ഫാ. പോൾ ഇളങ്കുന്നപ്പുഴ, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് അസി. പ്രൊഫസർ ഫാ. ജോർജ്ജ് നെരേപ്പറമ്പിൽ സി. എം. ഐ., ആരാധനാ സന്യാസിനീ സമൂഹം തൃശൂർ നിർമൽ റാണി പ്രൊവിൻസ് മുൻ പ്രൊവിൻഷ്യൽ കൗൺസിലർ സിസ്റ്റർ ഡൊളോറസ് പഴയാറ്റിൽ SABS, കേരള ഗവൺമെന്റ് മുൻ ചീഫ് വിപ്പ് അഡ്വ. തോമസ് ഉണ്ണിയാടൻ, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി മുൻ ചെയർമാൻ ശ്രീ. എം. പി. ജാക്സൺ, തൃശൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി ലത ചന്ദ്രൻ, ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലളിത ബാലൻ, മുരിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജോസ് ചിറ്റിലപ്പിള്ളി, ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ഷീന രാജൻ, മുരിയാട് ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. സുനിൽകുമാർ, ആനന്ദപുരം പള്ളി കൈക്കാരൻ ശ്രീ. തോമസ് ആന്റണി പൊതപറമ്പിൽ, ഭാരതീയ ജനതാ പാർട്ടി സംസ്ഥാന സെക്രട്ടറി ശ്രീ. എ. നാഗേഷ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. പുതുക്കാട് പ്രജ്യോതി നികേതൻ കോളേജ് സ്ഥാപക ഡയറക്ടറും ബഹു. ബ്രദർ ഗബ്രിയേലിന്റെ ജീവിച്ചിരിക്കുന്ന ഏക അനുജനുമായ റവ. ഫാ. ഡോ. ഹർഷജൻ പഴയാറ്റിൽ കപ്പൂച്ചിൻ സ്വാഗതവും വാർഷികാനുസ്മരണകമ്മിറ്റി ജനറൽ കൺവീനർ ശ്രീ. ലോനപ്പൻ ഷാജു നന്ദിയും പറഞ്ഞു. രാവിലെ നടന്ന ദിവ്യബലിയ്ക്ക് ഹൊസൂർ രൂപത മെത്രാൻ മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തൃശൂർ അതിരൂപതാ വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ, ഇരിങ്ങാലക്കുട രൂപതാ വികാരി ജനറാൾ മോൺ. വിൽസൺ ഈരത്തറ എന്നിവർ സഹകാർമ്മികരായിരുന്നു.



# സമർപ്പിത ജീവിതം ധന്യമാക്കിയ ആത്മീയാചാര്യൻ

**– മാർ പോളി കണ്ണൂക്കാടൻ, ഇരിങ്ങാലക്കുട രൂപതാ മെത്രാൻ**



മലബാർ മിഷനറി ബ്രദേഴ്സ് സഹോദര സന്യാസ സമൂഹത്തിന്റെ മുൻ സുപ്പീരിയർ ജനറലും, ഈ സമൂഹത്തിന്റെ ആഴമേറിയ സമർപ്പിത ജീവിതത്തിന്റെ ധന്യത ജീവിതത്തിലൂടെ നമുക്ക് കാണിച്ചുതരികയും ചെയ്ത ഒരു ആത്മീയ ആചാര്യനാണ് ബഹുമാനപ്പെട്ട ബ്രദർ ഗബ്രിയേൽ പഴയാറ്റിൽ. ലളിതമായ ജീവിതം, കഠിനമായ അധ്വാനം, ആഴമേറിയ പ്രാർത്ഥനാജീവിതം, കൃത്യതയോടെ കാര്യങ്ങൾ ചെയ്യാനുള്ള സ്ഥൈര്യം, വിട്ടുവീഴ്ചയില്ലാത്ത ആദർശനിഷ്ഠ, വിനയാന്വിതമായ പെരുമാറ്റം എന്നിവ 97-ാം വയസ്സിലും ബഹു. ബ്രദർ ഗബ്രിയേലിൽ നിറഞ്ഞുനിന്നിരുന്നു. ദാരിദ്ര്യത്തെ വിശുദ്ധ പുണ്യമായി കണ്ട് അത് ജീവിതത്തിൽ പാലിച്ചിരുന്ന മഹത്‌വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ബ്രദർ ഗബ്രിയേൽ. പ്രൊവിഡൻസ് ഹോമിന്റെ തുടക്കക്കാരൻ സഖറിയാസച്ചനോടൊപ്പം ചേർന്നുനിന്ന് തുടക്കം കുറിക്കാൻ താല്പര്യം കാണിച്ച വ്യക്തി. അന്നൊക്കെ പിടിയരി പിരിക്കാൻ വീടുകളിലേക്ക് കയറിയിറങ്ങി വീടുകളിൽ നിന്ന് കിട്ടുന്ന പിടിയരികൊണ്ട് സ്ഥാപനം നടത്തുവാനായിട്ടും അതുപോലെ നല്ലവരായ വ്യക്തികൾ നൽകുന്ന സംഭാവന കൊണ്ട് ആരാലും ഉപേക്ഷിക്കപ്പെട്ട മനുഷ്യർക്ക് ആശ്രയം കൊടുക്കുവാൻ ത്യാഗപൂർവ്വം പരിശ്രമിച്ചു. മലബാർ മിഷനറി ബ്രദേഴ്സ് സഹോദര സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ, ജനറൽ കൗൺസിലർ, സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യൽ കൗൺസിലർ, വ്യത്യസ്ത ആശ്രമങ്ങളിലെ സുപ്പീരിയർ, വ്യത്യസ്ത സ്ഥാപനങ്ങളിലെ മാനേജർ എന്നിങ്ങനെ പല ഉത്തരവാദിത്വങ്ങളും വഹിച്ചിരുന്ന വ്യക്തിയാണ് അദ്ദേഹം. പക്ഷേ അധികാരം എന്നാൽ ശുശ്രൂഷ എന്ന മുദ്രാവാക്യമാണ് അദ്ദേഹത്തെ നയിച്ചിരുന്നത്.



സഖറിയാസച്ചനോടൊപ്പം ചേർന്ന് ആരംഭിച്ച ഈ പ്രൊവിഡൻസ് ഹോമിലെ അന്തേവാസികളോടൊപ്പം കഴിയാനാണ് അദ്ദേഹം തന്റെ അവസാന കാലഘട്ടത്തിൽ ആഗ്രഹിച്ചത്. പ്രായാധിക്യം കൊണ്ട് ബുദ്ധിമുട്ടുമ്പോഴും പ്രാർത്ഥിക്കാൻ വളരെയധികം സമയം ചാപ്പലിൽ ചെലവഴിച്ചിരുന്നു. അതിൽനിന്നും കിട്ടിയ ശക്തിയാണ് ബ്രദറിനെ നയിച്ചിരുന്നത്. ഗബ്രിയേൽ ബ്രദറിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ സ്നേഹപൂർവ്വം പ്രണാമം അർപ്പിക്കുന്നു. നിത്യതയുടെ ഭവനത്തിൽ തമ്പുരാനോടൊപ്പം ആയിരിക്കുന്ന ബ്രദറിനോട് നമുക്ക് പ്രാർത്ഥിക്കാം, തമ്പുരാനിൽനിന്ന് അനുഗ്രഹങ്ങൾ വാങ്ങിത്തരാൻ. മലബാർ മിഷനറി ബ്രദേഴ്സിനോടും ഗബ്രിയേൽ ബ്രദറിനെ നൽകിയ പഴയാറ്റിൽ തറവാടിനോടും അദ്ദേഹത്തിന്റെ സഹോദരൻ ഹർഷജൻ അച്ചനോടുമുള്ള പ്രാർത്ഥനയും സ്നേഹവും അറിയിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

# വി. കുർബാന ശക്തിസ്രോതസ്സാക്കിയ പ്രവർത്തന ശൈലി

**മാർ സെബാസ്റ്റ്യൻ പൊഴോലിപറമ്പിൽ, ഹൊസൂർ രൂപത മെത്രാൻ**



ബ്രദർ ഗബ്രിയേൽ പി. എസ്. സി. പരീക്ഷ പാസായ ഒരു വ്യക്തിയായിരുന്നു. സമർപ്പിതരെല്ലാവരും Prayer, Share, Care എന്നീ കാര്യങ്ങളിൽ വ്യാപൃതരായിരിക്കണം. മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കണം; മറ്റുള്ളവരുമായി നമുക്കുള്ളത് പങ്കുവെയ്ക്കണം; മറ്റുള്ളവരെ പ്രത്യേകം പരിഗണിക്കണം. ഈ മൂന്ന് കാര്യങ്ങൾ നിറവേറ്റുന്നതിൽ ബ്രദർ ഗബ്രിയേൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

മരണശേഷം നാമെല്ലാവരും അഭിമുഖീകരിക്കുവാനുള്ള അന്ത്യവിധിയുടെ വിധിവാചകം ഈശോ വിശുദ്ധ ബൈബിളിലൂടെ നമുക്ക് വെളിപ്പെടുത്തിതന്നിട്ടുണ്ട്. മത്തായിയുടെ സുവിശേഷം 25-ാം അദ്ധ്യായത്തിൽ 35 മുതൽ 40 വരെയുള്ള തിരുവചനങ്ങളിലാണ് നാം അതു കാണുക. ഈ എളിയവരിൽ ഒരുവന് ചെയ്തുകൊടുക്കുന്ന സഹായങ്ങളെല്ലാം തനിക്കുതന്നെയാണ് ചെയ്തുതരുന്നതെന്ന് പറയുന്ന ഈശോ, അന്ത്യവിധി ചോദ്യപേപ്പറിലെ ആറു ചോദ്യങ്ങൾ നമ്മുടെ മുൻപിൽ വെയ്ക്കുന്നുണ്ട്. എനിക്ക് വിശന്നു, നിങ്ങൾ എനിക്ക് കുടിക്കുവാൻ തന്നോ? ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചോ? ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെ അടുത്തുവന്നോ? ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചോ? ഞാൻ പരദേശിയായിരുന്നു,



നിങ്ങൾ എന്നെ സ്വീകരിച്ചോ? ഈശോ തിരുവചനങ്ങളിലൂടെ മുൻകൂട്ടി ചോർത്തിത്തന്ന ഈ അന്ത്യവിധി ചോദ്യ പേപ്പർ ബുദ്ധിപൂർവ്വം കണ്ടെത്തി ഈ ചോദ്യങ്ങൾക്ക് മറുപടി കൊടുക്കുവാൻ ജീവിതത്തിലൂടെ പരിശ്രമിച്ച ബുദ്ധി മാനായ ഒരു വ്യക്തിയായിരുന്നു ബ്രദർ ഗബ്രിയേൽ. ഭിക്ഷാടന സഞ്ചിയുമായി ബലിവേദിയിൽനിന്ന് തെരുവീഥിയി ലേക്കിറങ്ങി വീടുകൾതോറും പാവപ്പെട്ടവർക്കുവേണ്ടി ഭിക്ഷാടനം നടത്തിയിരുന്ന ബ്രദർ ഗബ്രിയേൽ അന്ത്യവിധി ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം നൽകുകയായിരുന്നു ജീവിതത്തിലൂടെ. മാനസാന്തരം എന്താണെന്ന് ജനങ്ങൾ ക്ക് ലൂക്ക 3:11ൽ സ്നാപകയോഹന്നാൻ പറഞ്ഞുകൊടുക്കുന്നു. 'രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കട്ടെ; ഭക്ഷണമുള്ളവനും അങ്ങനെ ചെയ്യട്ടെ'. ഈ മാനസാന്തരം ജീവിതത്തിലൂടെ പ്രഘോഷിച്ച ഒരു വ്യക്തിയായിരുന്നു ബ്രദർ ഗബ്രിയേൽ.

വിശുദ്ധ കുർബാനയിൽനിന്നാണ് ബ്രദർ ഗബ്രിയേൽ തന്റെ പ്രവർത്തനങ്ങൾക്കുള്ള ശക്തി സംഭരിച്ചത്. ഓരോ ദിവസവും തന്റെ ശരീരവും രക്തവും നൽകി ഈശോ, ബ്രദർ ഗബ്രിയേലിന്റെ മാംസപേശികൾക്ക് ശക്തി നൽകി. അത് അവശന്റെ മുറിവിൽ മരുന്ന് വെച്ചുകെട്ടി കൊടുക്കുവാനും, അവനെ എടുത്ത് കഴുതപ്പുറത്തു കയറ്റി സത്ര ത്തിൽ കൊണ്ടുചെന്നാക്കി കൊടുക്കുവാനുമാണെന്ന തിരിച്ചറിവ് ബ്രദർ ഗബ്രിയേലിനുണ്ടായിരുന്നു.

അങ്ങനെ ഈ ലോകത്തിൽ ഈശോയെ ശുശ്രൂഷിച്ച് ശുശ്രൂഷിച്ച് ഇന്ന് സ്വർലോകത്തിൽ ഈശോയോടൊപ്പം കഴിയുകയാണ് ബ്രദർ ഗബ്രിയേലെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ബ്രദർ ഗബ്രിയേലിന്റെ മാതൃകയും മാദ്ധ്യ സ്ഥവും നമുക്ക് ശക്തി പകരട്ടെ.

# ചോര നീരാക്കിയ കഠിനാദ്ധ്വാനി



**– ബ്രദർ ബാസ്റ്റിൻ കാരുവേലിൽ , MMB സുപ്പീരിയർ ജനറൽ**

സമൂഹത്തിലെ ഒരു ജ്യേഷ്ഠസഹോദരൻ എന്ന നിലയിൽ ഞാൻ ഏറെ സ്നേഹിക്കുകയും ആദരിക്കു കയും ചെയ്യുന്ന ഒരു വ്യക്തിയായിരുന്നു ബഹു. ബ്രദർ ഗബ്രിയേൽ. 1952-ലാണ് മിഷനറി ആവുക എന്ന അടങ്ങാത്ത ആത്മദാഹവുമായി അദ്ദേഹം MMB യിൽ ചേരുന്നത്. മിഷനറി ദാഹം തന്റെ മുമ്പിൽ വന്ന എല്ലാ പ്രതിസന്ധികളേയും അനായാസം തരണം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. സ്വന്തം ഇടവകയിലെ ഒന്നര പതിറ്റാണ്ടുകാലത്തെ മതാദ്ധ്യാപന പരിചയം മൂലം പല ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കുന്നതിന വും സ്തുത്യർഹമായ പല കാര്യങ്ങൾ ചെയ്യുന്നതിനും ബ്രദർ ഗബ്രിയേലിനു കഴിഞ്ഞു. 1956 മുതൽ നീണ്ട 23 വർഷം ഇരവിമംഗലം കുരിശുപള്ളിയിലെ വേദപാഠത്തിന്റെയും ഭക്തസംഘടനകളുടെയും ചാർജ്ജു വഹിച്ചു. ആലംബഹീനനും രോഗിയും കാരാഗൃഹവാസിയുമായി തന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ഇണയും തുണയും തുണി യുമില്ലാത്ത അനേകർക്ക് സാന്ത്വനവും ശുശ്രൂഷയും സ്നേഹവും സന്തോഷവും നൽകുന്ന അവരുടെ ഒരു സഹോദര നായി തീരുകയെന്നതാണ് തന്റെ ഏറ്റവും വലിയ ദൈവവിളിയെന്ന് അദ്ദേഹം അടിയുറച്ചു വിശ്വസിച്ചു.

അദ്ധ്വാനത്തിന്റെ മഹത്വവും ജോലിയുടെ മാഹാത്മ്യവും പ്രസംഗത്തിലൂടെയെന്നതിനേക്കാൾ പ്രവർത്തിയിലൂടെ അദ്ദേഹം കാണിച്ചുതന്നു. ജോലി അത് എവിടെ ആയിരുന്നാലും അത് മനസ്സിനേയും ശരീരത്തേയും ചൊല്പടി യിൽ നിർത്തുമെന്നും സമൂഹത്തെ വളർച്ചയിലേക്കും സാമ്പത്തിക അഭിവൃദ്ധിയിലേക്കും കൈപിടിച്ചു നടത്തുമെന്നും അദ്ദേഹം പഠിപ്പിച്ചു. അരോഗദൃഢഗാത്രനായിരുന്ന അദ്ദേഹത്തിന്റെ ആരോഗ്യരഹസ്യവും മറ്റൊന്നായിരുന്നില്ല.

ഇരിങ്ങാലക്കുട ദൈവപരിപാലനാഭവനത്തിന്റെ സുവർണ്ണ ജൂബിലി സ്മാരകമായി ഇരിങ്ങാലക്കുടയുടെ സമീപ പ്രദേശമായ ചേലൂരിൽ MMBയുടേതായി മറ്റൊരു വൃദ്ധഭവനം ആരംഭിക്കണമെന്ന സമൂഹത്തിന്റെ പുതുസ്വപ്നം പ്രാവർത്തികമാക്കിയത് ബ്രദർ ഗബ്രിയേൽ ആയിരുന്നു. MMBയുടെ സമകാലീന സമൂഹമായ സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താ (തൃശൂർ)യുടെ അഞ്ചേരിയിലും പൊന്നൂക്കരയിലുമുള്ള കോൺവെന്റുകൾ, മുളയത്തെ കുഷ്ഠരോഗാ ശുപത്രി, പൂത്തോൾ കാൽവരി കപ്പൂച്ചിൻ ആശ്രമം തുടങ്ങിയ പല സ്ഥാപനങ്ങളുടെയും നിർമ്മാണത്തിൽ ബഹു. ബ്രദർ വഹിച്ച പങ്ക് അതുല്യമാണ്.

തന്നെക്കുറിച്ചുള്ള ദൈവികപദ്ധതി മനസ്സിലാക്കി അതിന്റെ നിർവ്വഹണത്തിനായി അവസാന നിമിഷം വരെ പരി ശ്രമിച്ച ഒരു സന്യാസവര്യനായിരുന്നു ബ്രദർ ഗബ്രിയേൽ എന്ന് എനിക്ക് നിസ്സംശയം പറയാൻ സാധിക്കും. ജന്മം കൊണ്ടല്ലെങ്കിലും കർമ്മം കൊണ്ട് അപ്പച്ചന്മാരും സഹോദരന്മാരുമായി തീർന്ന ദൈവപരിപാലനാഭവനത്തിലെ വൃദ്ധ ജനങ്ങൾക്കുവേണ്ടി ഇരിങ്ങാലക്കുടയിലും പ്രാന്തപ്രദേശങ്ങളിലും കിലോമീറ്ററുകളോ ളം തോളിൽ ഒരു തുണിസഞ്ചിയുമായി വീടുവീടാന്തരം ഭിക്ഷാംദേഹിയായി കയറിയി റങ്ങുന്നതിൽ ബഹു. ഗബ്രിയേൽ ബ്രദർ അഭിമാനിച്ചിരുന്നു. മാത്രമല്ല, ദൈവത്തിനാ യി പൂർണ്ണമായും നീക്കിവെച്ച തന്റെ ഈ സമർപ്പിത ജീവിതത്തിൽ അദ്ദേഹം ഏറെ സന്തോഷവും അഭിമാനവും സംതൃപ്തിയും കണ്ടെത്തിയിരുന്നു.



# കർമ്മശ്രേഷ്ഠനായ ബ്രദർ ഗബ്രിയേൽ

**ബ്രദർ ജോസ് ചുങ്കത്ത്, MMB പ്രൊവിൻഷ്യൽ സുപ്പീരിയർ**



ഇരിങ്ങാലക്കുട രൂപതയിലെ ആനന്ദപുരം ഇടവകയിൽ പരേതരായ പൗലോസ് - റോസ ദമ്പതികളുടെ മകനായി 1926 ജനുവരി 21ന് ബ്രദർ ഗബ്രിയേൽ ഭൂജാതനായി. 1952ൽ MMB സന്യാസസമൂഹത്തിൽ പ്രവേശിച്ച അദ്ദേഹം നോവിഷ്യറ്റ് പരിശീലനം കഴിഞ്ഞ് 1956 മാർച്ച് 10ന് പ്രഥമവ്രതവാഗ്ദാനം നടത്തി. സുപ്പീരിയർ ജനറൽ എന്ന നിലയിൽ അദ്ദേഹം നിരവധി ആശ്രമങ്ങളുടെയും സ്ഥാപനങ്ങളുടെയും തുടക്കക്കാരനുമായിരുന്നു.

ഇരിങ്ങാലക്കുടയിൽ അനാഥവൃദ്ധന്മാരുടെ സംരക്ഷണത്തിനായി 1949 ഏപ്രിലിൽ ദൈവപരിപാലനാഭവനത്തിന് തുടക്കം കുറിച്ചപ്പോൾ ബ്രദർ ഗബ്രിയേലിനെയും സഖറിയാസച്ചൻ അവിടെ ശുശ്രൂഷയ്ക്കായി നിയോഗിക്കുകയുണ്ടായി. സമൂഹസ്ഥാപകനായ സഖറിയാസച്ചൻ ബ്രദർ ഗബ്രിയേലിന്റെ കഴിവുകളെ നേരത്തെതന്നെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചുവെന്നതും ഉത്തരവാദിത്വങ്ങൾ ഏല്പിച്ചുവെന്നതും ബ്രദർ ഗബ്രിയേലിന്റെ മികവാണ് ചൂണ്ടിക്കാണിക്കുന്നത്. വാർദ്ധക്യസഹജമായ അസ്വസ്ഥതകൾക്കിടയിലും അധികാരികൾ യാത്ര മുടക്കുന്നതുവരെ അദ്ദേഹം ഇരിങ്ങാലക്കുട ഇടവകയിലെ എല്ലാ ഭവനങ്ങളിലും അപ്പച്ചന്മാർക്കായി അരിയായും പണമായും അവർ ശേഖരിച്ചുവച്ചിരുന്ന തങ്ങളുടെ സമ്പാദ്യത്തിന്റെ ഒരു ഭാഗം ശേഖരിക്കുവാൻ വേണ്ടി തീക്ഷ്ണതയോടെ സഞ്ചരിച്ചിരുന്നു എന്ന കാര്യം ഞങ്ങളെ അത്ഭുതപ്പെടുത്തുന്നു. സ്വന്തം പിതാവിനു തുല്യമായ പരിഗണനയാണ് അദ്ദേഹം തന്റെ സംരക്ഷണത്തിന് ഏല്പിക്കപ്പെട്ട അഗതികളായ അപ്പച്ചന്മാർക്ക് നല്കിയിരുന്നത്. ഇടവകയിലെ ജനങ്ങൾ സ്വന്തം ജ്യേഷ്ഠസഹോദരനായി ബ്രദറിനെ പരിഗണിച്ചിരുന്നു.

ചേലൂരിൽ ബെത്സെയ്ദ എന്ന പേരിൽ ഒരു സ്ഥാപനം വൃദ്ധജനങ്ങൾക്കായി സ്ഥാപിക്കുന്നതിന് അക്ഷീണം പരിശ്രമിച്ച സഹോദരനാണ് ബ്രദർ ഗബ്രിയേൽ പഴയാറ്റിൽ. മരിയാപുരത്തുള്ള നിർമല ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്വന്തം വിയർപ്പൊഴുക്കി പണിതീർത്ത ജനലുകളും വാതിലുകളുമാണ് ഞങ്ങളുടെ സന്യാസസമൂഹത്തിന്റെ ഒട്ടുമിക്ക ഭവനങ്ങളുടെയും ചാരുതയ്ക്ക് ആധാരം എന്ന് പറയുന്നത് ഒട്ടുംതന്നെ അതിശയോക്തിയല്ല. MMB സന്യാസസമൂഹത്തിൽ പ്രവേശിച്ചതുമുതൽ ഇന്നോളം ഇടമുറിയാത്ത വിശിഷ്ട സേവനം അനുഷ്ഠിച്ച മഹത്തായ ചരിത്രമാണ് ബ്രദർ ഗബ്രിയേലിന്റേത്. MMB സമൂഹത്തിനും ദൈവജനത്തിനും അദ്ദേഹം വഴിയായി ലഭിച്ചിട്ടുള്ള ദൈവാനുഗ്രഹങ്ങൾ നിരവധിയാണ്. മാതൃകാപരമായ ലളിതജീവിതവും നിരന്തരമായ അദ്ധ്വാനശീലവും ഏത് പ്രതിബന്ധങ്ങളേയും തരണം ചെയ്യാനുള്ള മന:സ്ഥൈര്യവും വിട്ടുവീഴ്ചയില്ലാത്ത ആദർശനിഷ്ഠയും വിനയാന്വിതമായ പെരുമാറ്റ സവിശേഷതകളും ബ്രദർ ഗബ്രിയേലിന്റെ വ്യക്തിത്വത്തിന്റെ ചില വശങ്ങൾ മാത്രമാണ്.

മരിയാപുരത്തിന്റെ പ്രാന്തപ്രദേശമായ ഇരവിമംഗലത്ത് വൈദികരുടെ അസാന്നിധ്യത്തിലും ക്രൈസ്തവകൂട്ടായ്മയ്ക്ക് രൂപം കൊടുക്കാനും അവിടെയുള്ള ആളുകളെ സംഘടിപ്പിച്ച് അവർക്ക് ഒരു ചെറുദേവാലയം നിർമ്മിക്കാനും അടിത്തറ പാകിയതിന്റെ പിന്നിൽ ബ്രദർ ഗബ്രിയേലിന്റെ പങ്ക് വളരെ വലുതാണ്. അവിടെ വിശ്വാസപരിശീലന രംഗത്ത് നീണ്ട 23 വർഷം മുടക്കമില്ലാതെ പ്രവർത്തിച്ചതുവഴി താൻ ഒരു ഉത്തമനായ മിഷനറിയാണെന്ന് ബ്രദർ ഗബ്രിയേൽ തെളിയിക്കുകയായിരുന്നു. ബ്രദർ ഗബ്രിയേൽ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ആയിരുന്ന കാലത്ത് ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കായി ആരംഭിച്ച എമ്മാവൂസ് വില്ല റസിഡൻഷ്യൽ സ്കൂൾ ഇന്ന് കേരളത്തിലെ ഏറ്റവും മികച്ച സ്കൂളുകളിലൊന്നാണ്. ബ്രദറിന്റെ കാലത്ത് ആൾബലം കൊണ്ടും മികവുള്ള പ്രവർത്തനബാഹുല്യം കൊണ്ടും MMB സമൂഹം ഒത്തിരിയേറെ വളർന്നുവെന്ന് പറയാതിരിക്കാനാവില്ല. സമൂഹനേതൃത്വരംഗത്ത് പ്രവർത്തിക്കവേ വിശുദ്ധനായ പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ സന്ദർശിക്കാനും MMBയെപ്പറ്റിയുള്ള സ്മരണിക സമർപ്പിക്കാനും ആശീർവാദം വാങ്ങാനും അദ്ദേഹത്തിനായിട്ടുണ്ട്.

ഏവരും ഉറക്കമുണരും മുമ്പേ, സക്രാരിയിൽ പള്ളി കൊള്ളുന്ന സ്വർഗ്ഗീയനാഥന്റെ തിരുസന്നിധിയിൽ ചേർത്തുവെച്ച ജീവിതസമർപ്പണമാണ് ബ്രദറിന്റെ വിജയരഹസ്യം. തിരുവചനങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന ദൈവസ്വരം മനസ്സിലാക്കാനും തദനുസൃതം ജീവിതം ക്രമീകരിക്കാനും ബ്രദർ സദാ ശ്രമിച്ചിരുന്നു.



ബ്രദർ ഗബ്രിയേലിനെ ഓർത്ത് MMB സമൂഹം അഭിമാനം കൊള്ളുന്നു. ബ്രദറിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് പ്രാർത്ഥിക്കാനും നമുക്കുവേണ്ടി ബ്രദറിനോട് പ്രാർത്ഥിക്കാനും ഈ അവസരം നമുക്ക് ഉപയോഗിക്കാം.

# സന്യാസജീവിതത്തിന്റെ ക്രൈസ്തവമുഖം



**– മോൺ. ജോസ് വല്ലൂരാൻ, വികാരി ജനറൽ, തൃശൂർ അതിരൂപത**

ബഹു. ബ്രദർ ഗബ്രിയേൽ പഴയാറ്റിലിന്റെ സഹോദരനും പുതുക്കാട് പ്രജ്യോതി നികേതൻ കോളേജ് സ്ഥാപകനും മാനേജരും എന്റെ പ്രിയ സുഹൃത്തുമായ റവ. ഡോ. ഹർഷജൻ പഴയാറ്റിൽ കപ്പൂച്ചിൻ തന്റെ ജ്യേഷ്ഠസഹോദരനായ ബ്രദർ ഗബ്രിയേലിനെക്കുറിച്ച് എന്നോടു പറഞ്ഞിട്ടുള്ള പല കാര്യങ്ങളും ഞാൻ ഇന്നും ഓർക്കുന്നുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ബഹു. ബ്രദർ ഗബ്രിയേൽ MMB സന്യാസ സമൂഹത്തിന് അദ്ദേഹം നൽകിയ സംഭാവനകൾ എന്തൊക്കെയാണ് എന്ന് ഞാൻ മനസ്സിലാക്കിയ കാര്യങ്ങളാണ് ഇവിടെ പങ്കുവയ്ക്കുന്നത്.

വളരെ സമ്പന്നവും കുലീനവും ക്രൈസ്തവ പാരമ്പര്യവുമുള്ള കുടുംബത്തിൽ ജനിച്ച ബഹു. ബ്രദർ ഗബ്രിയേൽ തന്റെ ദൈവവിളി തിരിച്ചറിഞ്ഞ് അതിനായി തന്നെത്തന്നെ സമർപ്പിച്ച നിമിഷം മുതൽ തന്റെ അന്ത്യനിമിഷം വരെ വിളിച്ചവനോട് വിശ്വസ്തത പുലർത്തി ജീവിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. ദൈവത്തിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടവന്, പിന്നീട് സ്വന്തമായി ഇഷ്ടാനിഷ്ടങ്ങളോ, സ്വപ്നങ്ങളോ പാടില്ലായെന്നും, മറിച്ച് ദൈവത്തിന് തന്നെക്കുറിച്ചുള്ള പ്ലാനും പദ്ധതിയും സ്വപ്നങ്ങളും യാഥാർത്ഥ്യമാക്കുകയാണ് താൻ ചെയ്യേണ്ടതെന്നും അടിയുറച്ച് വിശ്വസിച്ച വ്യക്തിയാണ് ബഹു. ബ്രദർ ഗബ്രിയേൽ. അതുകൊണ്ടുതന്നെ, ദൈവം തന്നെ ഭരമേല്പിച്ച ദൗത്യങ്ങളും ഉത്തരവാദിത്വങ്ങളും തന്റെ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ചുകൊണ്ട് ദൈവഹിതം മാത്രം മുന്നിൽ കണ്ട്, ദൈവം ആഗ്രഹിച്ച രീതിയിൽ ദൈവമഹത്വത്തിനും താൻ അംഗമായ സമർപ്പിത സമൂഹത്തിന്റെ നന്മയ്ക്കും വളർച്ചയ്ക്കും അതോടൊപ്പം സമൂഹത്തിലെ മറ്റുള്ളവരുടെ ഉന്നമനത്തിനുമായി അദ്ദേഹം നിറവേറ്റി. അതുവഴി, അദ്ദേഹത്തിന് അനേകം സമർപ്പിതർക്ക് പ്രത്യേകിച്ച്, താൻ അംഗമായ സന്യാസസമൂഹത്തിലെ അംഗങ്ങൾക്ക് മാതൃകയും വഴികാട്ടിയുമാകാൻ കഴിഞ്ഞു. ഇതിനെല്ലാം അംഗീകാരമായിട്ടാണ് ''കേരളസഭാതാരം'' എന്ന അവാർഡ് അദ്ദേഹത്തിന് ലഭിച്ചത്.



സമ്പന്ന കുടുംബത്തിലാണ് ജനിച്ചതെങ്കിലും മറ്റുള്ളവരോടുള്ള സ്വന്തം മാതാപിതാക്കളുടെ പെരുമാറ്റരീതികളും മാതൃകയും സ്വന്തമാക്കി വളർന്നുവന്നതുകൊണ്ട് പാവപ്പെട്ടവരുടെയും അവശതയനുഭവിക്കുന്നവരുടെയും നേരെ ഒരു പ്രത്യേക കരുതൽ എന്നും കാണിച്ചിരുന്ന വ്യക്തിയാണ് ബഹു. ബ്രദർ ഗബ്രിയേൽ. വേദനിക്കുന്നവരിലും രോഗികളിലും തിരസ്കൃതരായവരിലും യേശുവിന്റെ മുഖം കാണുവാൻ കഴിഞ്ഞതുകൊണ്ട് അവരെ സഹായിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും അദ്ദേഹം മുന്നിട്ടുനിന്നു. ദൈവം അദ്ദേഹത്തിന് നിത്യശാന്തി നൽകട്ടെ.

# ഞാൻ കണ്ട ബ്രദർ ഗബ്രിയേൽ





**– ഫാ. പോൾ ഇളങ്കുന്നപ്പുഴ, മുൻ വികാരി ജനറാൾ, ഇരിങ്ങാലക്കുട രൂപത**

ആനന്ദപുരത്തെ പഴയാറ്റിൽ തറവാട്ടിലെ വാറുണ്ണിച്ചേട്ടൻ നാട്ടുകാർക്ക് നന്മ ചെയ്യുന്ന പൊതുപ്രവർത്തകനും, ഇടവക പള്ളിയിലെ മതബോധനം, സംഘടനാപ്രവർത്തനം തുടങ്ങിയവയിൽ മുൻനിരയിൽ പ്രവർത്തിച്ചിരുന്ന വ്യക്തിയുമായിരുന്നു. ഈ ത്യേപാടവം കൈമുതലായാണ് മലബാർ മിഷനറി ബ്രദേഴ്സ് സന്യാസസമൂഹത്തിൽ ചേർന്ന് സമർപ്പിതജീവിതം സ്വീകരിച്ചത്. വാറുണ്ണി താമസിയാതെ ബ്രദർ ഗബ്രിയേൽ MMB ആയി. ആ സമൂഹത്തിന്റെ സുപ്പീരിയർ ജനറലുമായി. അദ്ദേഹത്തിന്റെ അനുജൻ ഫാ. ഹർഷജൻ യുവജനങ്ങൾക്കായി ജീവിതം അർപ്പിക്കുമ്പോൾ, ബ്രദർ ഗബ്രിയേൽ വൃദ്ധജനങ്ങൾക്കുവേണ്ടി ജീവിതം അർപ്പിക്കുന്നു. കുടുംബമില്ലാത്ത, കുടുംബങ്ങളിൽനിന്ന് തള്ളപ്പെട്ട വൃദ്ധരെ സംരക്ഷിക്കുക, ദൈവത്തിലെത്തിക്കുക അതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഇരിങ്ങാലക്കുടയിലെ ഹൗസ് ഓഫ് പ്രൊവിഡൻസ്, അവിടെ അഭയം തേടിയവർക്ക് ഭക്ഷണം, വസ്ത്രം, മരുന്ന് എല്ലാം നൽകണം. വരുമാനമാർഗ്ഗം സുമനസ്സുകളുടെ ഔദാര്യം തന്നെ. വീടുകളിൽ കയറിയിറങ്ങി എന്നും അതു സമാഹരിക്കണം.

സഞ്ചിയുമായി വീടുകൾ കയറിയിറങ്ങുന്നത് ബ്രദർമാർ തന്നെ. ബ്രദർ ഗബ്രിയേലും എന്നും ഈ ''തെണ്ടലി''ന് ഇറങ്ങും. മഴയും വെയിലും ഒരിക്കലും അതിനു തടസ്സമല്ല. ബ്രദർ ഗബ്രിയേലിന് പ്രത്യേക സമീപന ശൈലിയുണ്ട്. ധരിക്കുന്നത് തുന്നിക്കൂട്ടിയ വസ്ത്രങ്ങൾ. സ്നേഹമസൃണവും സൗഹൃദപരവുമായ സമീപനം, ആകർഷകമായ ചെറുപുഞ്ചിരി, നിഷ്കളങ്ക ഭാവം, പറയുന്നതിനേക്കാൾ പ്രവർത്തനത്തിനു പ്രാധാന്യം, മാന്യമെന്നോ ഹീനമെന്നോ വ്യത്യാസമില്ലാത്ത ശുശ്രൂഷ, ഏതു സേവനത്തിനും എപ്പോഴും സന്നദ്ധൻ. ''ഈ ചെറിയവരിൽ ഒരുവന് ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്'' എന്ന കല്പന (മത്താ 25:40) ജീവിതവ്രതമാക്കിയ ബ്രദർ ഗബ്രിയേലിന് കർത്താവുതന്നെ പ്രതിഫലം നല്കും. നിത്യശാന്തി നേരുന്നു.

# ബ്രദർ ഗബ്രിയേൽ, താങ്കളൊരു ദൈവദൂതൻ

**– റവ. ഫാ. ജോൺസൺ തറയിൽ. വികാരി, ചെറുപുഷ്പ ദൈവാലയം, ആനന്ദപുരം**



രക്ഷയുടെ പുതുചരിതം വിരചിക്കുവാൻ ജറുസലെം ദൈവാലയത്തിലേക്കും, നസ്രസ്സിലെ ഗ്രാമീണ ഭവനത്തിലേക്കും ഇറങ്ങിവന്ന ദൈവദൂതനാണ് സാക്ഷാൽ ഗബ്രിയേൽ. പ്രാർത്ഥനയുടെ ധൂപച്ചുരുളുകളിലാണ് അവന്റെ രൂപം തെളിഞ്ഞുവന്നത്. സഖറിയ എന്ന വൃദ്ധപുരോഹിതന്റെ ഹൃദയം തകർന്ന പ്രാർത്ഥന, കൗമാരത്തിൽ തന്നെ കയ്പുകളുടെ കടൽ താണ്ടിയ, ദൈവത്തിന്റെ പ്രിയപ്പെട്ട കന്യകയുടെ പ്രാർത്ഥന ഇവയ്ക്കെല്ലാം മറുപടിയായി ദൈവം ഗബ്രിയേൽ മാലാഖയെ അയച്ചു. സ്വർഗ്ഗത്തെയും ഭൂമിയെയും ഇണക്കിച്ചേർത്ത പ്രധാന മാലാഖയാണ് ഗബ്രിയേൽ.

ഗബ്രിയേൽ എന്ന പദത്തിന്റെ അർത്ഥം ''ദൈവം ശക്തനാണ്'' എന്നത്രേ. പഴയ നിയമത്തിൽ ദാനിയേലിന്റെ പ്രവചനങ്ങൾ ഗബ്രിയേൽ വ്യാഖ്യാനിച്ചു. പുതിയ നിയമത്തിൽ ദൈവകാരുണ്യത്തിന്റെ രക്ഷാകര സുവിശേഷകനായി ജറുസലെമിലും നസ്രസ്സിലും അദ്ദേഹം പ്രത്യക്ഷപ്പെട്ടു. പേരിനൊപ്പം, ദൈവദൂതന്റെ ഭാവപ്പൊലിമയും ഇണക്കിച്ചേർത്ത്, സ്വന്തം ജീവിതത്തെയും ഇതര ജീവിതങ്ങളെയും അർത്ഥസാന്ദ്രമാക്കിയ വ്യക്തിയാണ് ബ്രദർ ഗബ്രിയേൽ.

ചേർത്തണയ്ക്കാൻ ആരുമില്ലാതെ, വാക്ശരങ്ങളുടെ മുൾമുനകളിൽ മുറിവേറ്റ് ഭൂമിയോളം കുനിഞ്ഞ ശിരസ്സുമായി, നിർബന്ധപൂർവ്വം ജന്മഗേഹങ്ങളുടെ പടിയിറങ്ങിപ്പോന്ന വൃദ്ധജനത്തിന്, വഴിയോരത്ത് കാവലാളായി ഒരാൾ കാത്തുനില്പുണ്ടായിരുന്നു. അദ്ദേഹം അവരെ സ്നേഹത്തിന്റെ അഭയകേന്ദ്രത്തിലേക്കാനയിച്ചു. അവന്റെ ഹൃദയത്തിൽ അഗ്നിയുണ്ടായിരുന്നു - ദൈവസ്നേഹത്തിന്റെ കത്തിജ്വലിക്കുന്ന അഗ്നി. പാദുകങ്ങളണിയാത്ത അവന്റെ പാദങ്ങളിൽ വെളിച്ചമുണ്ടായിരുന്നു. ഇരുൾവീണ വഴികളിൽ ഇടറിവീഴാതിരിക്കാൻ ദൈവം നല്കിയ സമർപ്പിത ജീവിതത്തിന്റെ ആഗ്നേയ പ്രകാശം.

ബ്രദർ ഗബ്രിയേലിനെപോലെയുള്ള സമർപ്പിത ചേതസ്സുകളായിരുന്നു സമൂഹത്തിന്റെ പ്രാരംഭകാല പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത്. MMB എന്ന സഹോദര സമൂഹത്തിന്റെ സുപ്പീരിയർ ജനറലായിരുന്നു അദ്ദേഹം. മരിയാപുരത്തും ഇരിങ്ങാലക്കുടയിലുമുള്ള സ്ഥാപനങ്ങളുടെ അമരക്കാരനെന്ന നിലയിൽ കേരളസഭയ്ക്കുതന്നെ ദിശാബോധം നല്കിയ സമർപ്പിത ബുദ്ധിയാണദ്ദേഹം. എളിയ സേവനത്തിലൂടെയുള്ള സുവിശേഷപ്രഘോഷണം എന്ന കാരിസം പ്രായോഗികമാക്കാൻ സഫലമായ നേതൃത്വമാണ് അദ്ദേഹം നല്കിയിട്ടുള്ളത്. MMB സന്യാസസമൂഹം രണ്ടു പ്രോവിൻസുകളായി വളർന്ന് പന്തലിച്ച് ഇന്നത്തെ നിലയിലെത്തിനിൽക്കുമ്പോൾ ഈ സമൂഹത്തിന്റെ വളർച്ചയ്ക്ക് മാത്രമല്ല തദ്വാരാ കത്തോലിക്കാസഭയുടെ വളർച്ചയ്ക്കും വിനയപൂർവ്വം അനന്യമായ സംഭാവനകൾ നല്കിയ ബ്രദർ ഗബ്രിയേലിനെപ്പോലുള്ളവരെ അനുസ്മരിക്കേണ്ടത് ക്രൈസ്തവ സഭയുടെതന്നെ ഉത്തരവാദിത്വമാണ്.



# മാതൃകായോഗ്യനായ ശ്രേഷ്ഠസഹോദരൻ

**ബ്രദർ ഗിൽബർട്ട് ഇടശ്ശേരി, സുപ്പീരിയർ, അസ്സീസി ഹൗസ്, ഇരിങ്ങാലക്കുട**



ഞാൻ മലബാർ മിഷനറി ബ്രദേഴ്സ് സഹോദര സന്യാസ സമൂഹത്തിൽ അംഗമാകുന്നതിനായി ആദ്യമായി മരിയാപുരത്ത് വരുമ്പോൾ കണ്ടത് ബഹു. ബ്രദർ ഗബ്രിയേൽ പഴയാറ്റിലിനെയാണ്. ആ കാലഘട്ടത്തിൽ (1980) അദ്ദേഹം MMB സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ കൂടിയായി



രുന്നു. വളരെ ഹൃദ്യമായ പെരുമാറ്റവും ആകർഷണീതയത നിറഞ്ഞ സ്വീകരണവും അദ്ദേഹത്തിൽനിന്നും ലഭിച്ച എനിക്ക് സ്വന്തം വീട്ടിൽ വന്ന ഒരു പ്രതീതിയാണ് അന്ന് ഉണ്ടായത്. വർഷങ്ങൾ അമ്പതിനോടടുക്കുമ്പോഴും ആ ദിവസവും ബ്രദർ ഗബ്രിയേലിന്റെ മുഖവും എന്റെ ഓർമ്മയിൽ പച്ചകെടാതെ നിൽക്കുന്നു. ലളിതമായ ജീവിതം, കഠിനമായ അധ്വാനം, ആഴമായ പ്രാർത്ഥനാജീവിതം, കൃത്യതയോടെ കാര്യങ്ങൾ ചെയ്യാനുള്ള സ്ഥൈര്യം, വിട്ടുവീഴ്ചയില്ലാത്ത ആദർശനിഷ്ഠ, വിനയാന്വിതമായ പെരുമാറ്റം എന്നിവ 97-ാം വയസ്സിലും ബഹു. ബ്രദർ ഗബ്രിയേലിൽ നിറഞ്ഞുതുളുമ്പിനിന്നു എന്ന് അദ്ദേഹത്തിന്റെ അവസാനനാളുകളിൽ അദ്ദേഹം അംഗമായിരുന്ന ഇരിങ്ങാലക്കുട അസ്സീസി ഹൗസ് ആശ്രമസുപ്പീരിയറായ എനിക്ക് നിസ്സംശയം പറയാനാകും.

ഞാൻ ഇരിങ്ങാലക്കുട അസ്സീസി ഹൗസിൽ അംഗമായി വന്ന സമയത്ത് എന്റെ സുപ്പീരിയർ ബഹു. ബ്രദർ ഗബ്രിയേലായിരുന്നു. ഒരു സമർപ്പിതൻ എത്രമാത്രം യേശുവുമായി വ്യക്തിപരമായ ബന്ധമുള്ളവനും പ്രാർത്ഥനയിൽ ആഴപ്പെടുന്നവനും ആയിരിക്കണമെന്ന് എനിക്ക് ബഹു. ബ്രദറിൽനിന്നും മനസ്സിലാക്കാനായിട്ടുണ്ട്. രാത്രിയുടെ യാമങ്ങളിലും ദിവസത്തിന്റെ ആരംഭത്തിലും പ്രത്യേകിച്ച് പുലർച്ചെ 4 മണിക്ക് സക്രാരിയ്ക്ക് മുമ്പിൽ മുട്ടുകുത്തിനിന്നുകൊണ്ട് പ്രാർത്ഥിക്കുന്ന ബ്രദറിനെയാണ് എനിക്ക് കാണാനായിട്ടുള്ളത്.

ദാരിദ്ര്യത്തെ വിശുദ്ധമായ പുണ്യമായി കണ്ട് ജീവിതത്തിൽ പാലിച്ചിരുന്ന ഒരു മഹത് വ്യക്തിത്വത്തിനുടമയായിരുന്നു ബ്രദർ ഗബ്രിയേൽ എന്ന് എനിക്ക് സ്വന്തം അനുഭവത്തിൽനിന്നും പറയാനാവും. എപ്പോഴും സന്യാസവസ്ത്രം ധരിച്ചുമാത്രമേ അദ്ദേഹത്തെ കാണാൻ സാധിക്കൂ. അത് തൂവെള്ളനിറമുള്ളതായിരിക്കും. പക്ഷേ ആ ഉടുപ്പിൽ മിക്ക സ്ഥലത്തും തുന്നലുകൾ കാണാനാവും. കീറിയ സ്ഥലത്ത് മറ്റൊരു ഉടുപ്പിന്റെ ഭാഗം തുന്നിച്ചേർത്തിരുന്ന അദ്ദേഹം ദാരിദ്ര്യം ജീവിതവ്രതമായി കൊണ്ടുനടക്കുന്ന കാര്യത്തിൽ അഭിമാനവും ആനന്ദവും കണ്ടിരുന്ന വ്യക്തിയാണ്.

ഇരിങ്ങാലക്കുട അസ്സീസി ഹൗസിൽ 40 വർഷമായി ജോലി ചെയ്യുന്ന ശ്രീമതി ശാരദ ഒരിക്കൽ എന്നോട് പറഞ്ഞത് ഈ സമയം ഞാൻ ഓർക്കുന്നു: ''ബ്രദർ ഗബ്രിയേലിന്റെ ഉടുപ്പ് അലക്കാൻ എനിക്ക് പേടിയാണ്. അതിന് കാരണം അതിന്റെ കാലപ്പഴക്കമാണ്. എന്റെ അശ്രദ്ധ മൂലം അത് കീറിപ്പോകുമോ എന്ന ഭയം എന്നെ അലട്ടുന്നു''. അസ്സീസിയിലെ മഹാവിശുദ്ധനായ ബ്രദർ ഫ്രാൻസിസ് അസ്സീസി ദാരിദ്ര്യത്തെ പ്രാണപ്രേയസിയായി കൂടെ കൊണ്ടുനടന്ന വ്യക്തിയാണെന്ന് ചരിത്രം സാക്ഷിക്കുന്നു. അദ്ദേഹത്തെ അനുകരിച്ച് ബഹു. ബ്രദർ ഗബ്രിയേലും ദാരിദ്ര്യവ്രതത്തെ ആഴമായ അർത്ഥത്തിൽ ജീവിച്ചു എന്ന് ഞാൻ ഈ സമയം സാക്ഷ്യപ്പെടുത്തുന്നു.

വർഷങ്ങൾക്കു മുമ്പ് ബാംഗ്ലൂരിൽ ഒരു സെമിനാറിൽ ബ്രദർ ഗബ്രിയേൽ പങ്കെടുത്തു. ഒരു ദിവസം ആ പരിപാടിയിൽ പങ്കെടുത്തിരുന്ന ബഹു. വൈദികരുമൊത്ത് ബ്രദർ റോഡിലൂടെ നടക്കുകയായിരുന്നു. ബ്രദർ സന്യാസവസ്ത്രമായിരുന്നു ധരിച്ചിരുന്നത്. വൈദികർ സിവിൽ ഡ്രസ്സിലായിരുന്നു. എതിരെ വരികയായിരുന്ന ഒരു ബഹു. സിസ്റ്റർ സന്യാസവസ്ത്രം ധരിച്ച് നടന്നുപോകുന്ന ബ്രദർ ഗബ്രിയേലിനെ കണ്ട് കൈകൾ കൂപ്പി സ്തുതി പറയുകയുണ്ടായി. അത് മറ്റാരുമല്ല വിശുദ്ധയായ കൽക്കട്ടയിലെ മദർ തെരേസയായിരുന്നു. ബ്രദർ ബഹു. മദറിനോട് പറഞ്ഞു: ''ഞാൻ ഒരു സന്യാസസഹോദരനാണ്. എന്റെ ഒപ്പമുള്ളവർ ബഹു. വൈദികരാണ്''. മദർ മറുപടി പറഞ്ഞു: ''സമർപ്പിത വസ്ത്രം ധരിക്കാതെ സമർപ്പിതൻ പുറത്തു പോകുന്നത് ഉചിതമല്ല''.

മലബാർ മിഷനറി ബ്രദേഴ്സ് സഹോദര സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ, ജനറൽ കൗൺസിലർ, സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യൽ കൗൺസിലർ, വ്യത്യസ്ത ആശ്രമങ്ങളിലെ സുപ്പീരിയർ, വ്യത്യസ്ത സ്ഥാപനങ്ങളിലെ മാനേജർ തുടങ്ങി ഉന്നതസ്ഥാനങ്ങൾ പലതും വഹിച്ചിരുന്ന വ്യക്തിയാണ് അദ്ദേഹം. പക്ഷേ അധികാരം = ശുശ്രൂഷ എന്ന മുദ്രാവാക്യമാണ് അദ്ദേഹത്തെ നയിച്ചിരുന്നത്. അധികാരസ്ഥാനത്തുനിന്നെല്ലാം മാറി ഇരിങ്ങാലക്കുട അസ്സീസി ഹൗസിൽ അംഗമായി തന്റെ ജീവിതത്തിന്റെ അവസാനനാളുകൾ ചെലവഴിക്കുന്ന സമയത്തും ബഹു. ഗബ്രിയേൽ ബ്രദറിൽ ജ്വലിച്ചുനിന്നത് സമൂഹസ്ഥാപകനായ മോൺ. വാഴപ്പിള്ളി സഖറിയാസച്ചൻ 50 വർഷങ്ങൾക്കു മുമ്പ് 1949-ൽ പറഞ്ഞുവെച്ച, 1952-ൽ തന്നെ ഭരമേല്പിച്ച അഗതികളായ വൃദ്ധരെക്കുറിച്ചുള്ള ചിന്തയാണ്. അവരുടെ നിത്യവൃത്തിക്കുവേണ്ടി ആരുടെ മുന്നിലും കൈ നീട്ടാൻ അദ്ദേഹം മടിച്ചില്ല.



സമൂഹജീവിതത്തിന്റെ സമയക്രമവും കൂട്ടായ്മയുടെ ശക്തിയും സഹോദരസന്യാസ ജീവിതത്തിന്റെ ആസ്വാദ്യതയും അനുഭവിച്ചറിഞ്ഞ വ്യക്തിയാണ് ബഹു. ബ്രദർ ഗബ്രിയേൽ. താനായിരിക്കുന്ന സമൂഹത്തിൽ ആ അനുഭവം എല്ലാവർക്കും പകരുന്നതിനും അവരെയും തന്റെ സ്നേഹപരിപാലനയിൽ വളർത്തുന്നതിനും അദ്ദേഹം ബദ്ധശ്രദ്ധനാ

യിരുന്നു. സമൂഹജീവിതത്തിൽ താൻ അനുഭവിച്ച സന്തോഷവും സായൂജ്യവും മറ്റു സഹോദരന്മാർക്കും പകർന്നുകൊടുത്തുകൊണ്ട് അവരെയും സമൂഹജീവിതത്തിൽ സന്തോഷം കണ്ടെത്താൻ അദ്ദേഹം പ്രാപ്തനാക്കി. ബാല്യകാലത്ത് താൻ അനുഭവിച്ച ദൈവികസ്നേഹവും സഹോദരങ്ങളുടെ സ്നേഹവും സുഹൃത്തുക്കളുടെ സ്നേഹവും മറ്റും സഹോദരങ്ങളുമായി പങ്കുവയ്ക്കാൻ അദ്ദേഹം തല്പരനായിരുന്നു. വീട്ടിലായിരുന്നപ്പോൾ അടിയും തടയും പഠിക്കാൻ പോയതും, മുരിയാട് കായൽപുറത്ത് തന്റെ ജോലിക്കാരെ അത് പഠിപ്പിച്ചതും, സ്വന്തമായുള്ള കോൾപാടത്ത് മീൻ പിടിക്കാൻ പോയതും, അനാവശ്യമായി ആരെങ്കിലും സുഹൃത്തുക്കളെ തല്ലിയാൽ അവരെ പിടിച്ചു മറിച്ചിട്ടതും അദ്ദേഹം വിവരിച്ചിരുന്നു. തെറ്റ് തെറ്റാണെന്നും ശരി ശരിയാണെന്നും ആരുടെയും മുൻപിൽ ഒരു മടിയും കൂടാതെ പറയാൻ ധീരത കാണിച്ചിരുന്ന വ്യക്തിയായിരുന്നു ബ്രദർ ഗബ്രിയേൽ.

97-ാം വയസ്സിലും സന്യാസ അച്ചടക്കവും പ്രാർത്ഥനാചൈതന്യവും കൃത്യനിഷ്ഠയും ജീവിതത്തിൽ പാലിച്ചിരുന്ന മാതൃകായോഗ്യനായ ഒരു ഉത്തമസഹോദരനായിരുന്നു ബ്രദർ ഗബ്രിയേൽ. ലോകമെമ്പാടും കൊറോണ പടർന്നു പിടിച്ച കാലഘട്ടത്തിൽ ദൈവപരിപാലനാഭവനത്തിലെ ബ്രദേഴ്സിനെയും അന്തേവാസികളെയും കോവിഡ് കടന്നാക്രമിച്ചു. അന്തേവാസികളിൽ പലരും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടെങ്കിലും ബ്രദർ ഗബ്രിയേലിന്റെമേൽ കോവിഡ് കൈവച്ചില്ല. ആസ്പത്രിയിൽ പോയി ഒരു ഇഞ്ചക്ഷനും രക്തപരിശോധനയും അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇന്നുവരെ നടത്തേണ്ടതായി വന്നിട്ടില്ല.

സന്യാസജീവിതത്തെ വളരെയധികം സ്നേഹിക്കുകയും അത് ആസ്വദിക്കുകയും മറ്റുള്ളവരെ അതിലേക്കാനയിക്കുകയും ചെയ്ത ഒരു മഹാവ്യക്തിത്വത്തിനുടമയാണ് ബഹു. ബ്രദർ ഗബ്രിയേൽ. എന്നെന്നും മനസ്സിൽ നിറഞ്ഞുനില്ക്കുന്ന ഒരുപാട് ഓർമ്മകൾ അവശേഷിപ്പിച്ചുകൊണ്ടാണ് അദ്ദേഹം ഈ ഭൂമിയിൽനിന്നും കടന്നുപോയത്. മാതൃകായോഗ്യനായ ഈ ശ്രേഷ്ഠസഹോദരൻ തന്റെ ജീവിതത്തിലൂടെ പകർന്നുനല്കിയ ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും മഹത്സന്ദേശം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കി അദ്ദേഹത്തിന്റെ പാവനസ്മരണ എന്നും നിലനിർത്തുന്ന വ്യക്തികളായി നമുക്ക് മാറാം.

# ഭിക്ഷാടനത്തിന്റെ സുവിശേഷം

**– ബ്രദർ പൗലോസ് അരുമ്പൂപറമ്പിൽ MMB, സെക്രട്ടറി ജനറൽ**



പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഇറ്റലിയിലെ ചെറുപട്ടണമായിരുന്ന ഓർവിറ്റോയിലെ കപ്പൂച്ചിൻ ആശ്രമത്തിൽ നിന്ന് ഒരു സന്യാസസഹോദരനെ അധികാരികൾ സ്ഥലംമാറ്റി. അക്കാലത്ത് ഭിക്ഷാടകരുടെ (mendicans) സമൂഹമായിരുന്നു കപ്പൂച്ചിൻ സന്യസ്തരെന്നതിനാൽ ബ്രദർ അനുഷ്ഠിച്ചിരുന്ന ജോലി വീടുകൾ തോറും കയറിയിറങ്ങി 'വലിയ ഓർവിയൻ കുടുംബത്തിന്' മുഴുവനായി യാചിച്ച് ഭക്ഷണസാധനങ്ങൾ ശേഖരിക്കുകയായിരുന്നു. ഈ ജോലിക്ക് തുടർന്ന് നിയുക്തനായ ബ്രദർ ഭവനങ്ങൾ കയറിയിറങ്ങിയെങ്കിലും വീട്ടമ്മമാർ ഒന്നുംതന്നെ നൽകാൻ തയ്യാറായില്ല. നിരന്തരം ബ്രദേഴ്സ് വീടുകൾ കയറിയിറങ്ങിയെങ്കിലും നിരാശയായിരുന്നു ഫലം. ഇങ്ങനെപോയാൽ ആശ്രമാംഗങ്ങൾ മാത്രമല്ല വലിയ ഓർവിയൻ കുടുംബം മുഴുവൻ പട്ടിണിയിലാകുമെന്ന് മനസ്സിലാക്കിയ അധികാരികൾ മൂന്നുമാസം പൂർത്തിയാകുന്നതിന് മുമ്പുതന്നെ ബ്രദറിന്റെ സ്ഥലംമാറ്റം വേണ്ടെന്നുവയ്ക്കുകയും ബ്രദറിനെ തത്സ്ഥാനത്തുതന്നെ നിയമിക്കുകയും ചെയ്തു.

എന്തുകൊണ്ടാണ് ഇത്തരമൊരു നിസ്സഹകരണത്തിന് വീട്ടമ്മമാർ തുനിഞ്ഞതെന്ന് തിരക്കിയ അധികാരികളോട് വീട്ടമ്മമാർ ഏകസ്വരത്തിൽ പറഞ്ഞത് അദ്ദേഹം ഞങ്ങളെ സംബന്ധിച്ചിടത്തോളം വെറുമൊരു ഭിക്ഷാടകനായിരുന്നില്ല മറിച്ച് ഒരു സുവിശേഷപ്രഘോഷകനായിരുന്നു എന്നാണ്. ഞങ്ങൾ അദ്ദേഹത്തിന് ഭക്ഷണസാധനങ്ങൾ നൽകിയപ്പോൾ അദ്ദേഹം ഞങ്ങൾക്ക് നൽകിയത് സുവിശേഷമായിരുന്നു. സുവിശേഷത്തിലൂടെ ക്രിസ്തുവിനെയായിരുന്നു. ''സുഹൃത്തായ ഭിക്ഷാടകൻ'' എന്ന് വിളിപ്പേര് സമ്പാദിച്ച ബ്രദർ ക്രിസ്പിനായിരുന്നു കഥാനായകൻ. 1750-ൽ അന്തരിച്ച ബ്രദർ ക്രിസ്പിനെ 1982-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിശുദ്ധനെന്ന് നാമകരണം ചെയ്യുകയുണ്ടായി.




വിശുദ്ധനായ ബ്രദർ ക്രിസ്പിന്റെ ജീവചരിത്രത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന വീട്ടമ്മമാരുടെ ''ഈ സമരം''

ഓർക്കാൻ കാരണം ബ്രദർ ഗബ്രിയേൽ പഴയാറ്റിൽ MMBയുടെ ഒന്നാം ചരമവാർഷികാചരണത്തിലെ പ്രസംഗങ്ങളിൽ മുഴങ്ങിക്കേട്ട ബ്രദറിനെക്കുറിച്ചുള്ള ഒരു വിശേഷണമായിരുന്നു. അഗതികൾക്ക് അന്നം നൽകുന്നതിനായി വീടുകൾ കയറിയിറങ്ങി കൈനീട്ടിയ വ്യക്തിയാണ് ബ്രദർ ഗബ്രിയേൽ എന്ന് എല്ലാ പ്രാസംഗികരും ഊന്നിപ്പറയുകയുണ്ടായി. അനാഥർക്കുള്ള അപ്പത്തിനായി കൈ നീട്ടിയ അദ്ദേഹം ഇരിങ്ങാലക്കുടയിലും പ്രാന്തപ്രദേശങ്ങളിലും ഇത്രയുമധികം ആദരിക്കപ്പെടുന്നെങ്കിൽ അതിന്റെ കാരണം കൈനീട്ടിയതിന്റെ മാഹാത്മ്യം കൊണ്ടുമാത്രമല്ല ആ കൈയിലൂടെ പകർന്നുനൽകിയ സുവിശേഷത്തിന്റെ സവിശേഷത കൊണ്ടുകൂടിയാണ്. മലബാർ മിഷനറി ബ്രദേഴ്സ് സഹോദരസന്യാസസമൂഹത്തിലെ ഓരോ സഹോദരനും സമൂഹത്തിലെ അവഗണിക്കപ്പെടുന്നവർക്കായി യാചനയുടെ കരങ്ങൾ നീട്ടുമ്പോൾ കൈമാറുന്നതും ഈ സുവിശേഷസന്ദേശമാണ്. അത് വെറും കൈ നീട്ടലല്ല, മറിച്ച് ഒരു കൊടുക്കൽവാങ്ങലാണ്. ഇതിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നത് ധനം മാത്രമല്ല അതിനേക്കാളേറെ വിലപ്പെട്ട സുവിശേഷസന്ദേശങ്ങളായ സ്നേഹവും സാഹോദര്യവും തദ്വാര യേശുവിനെയുമാണ്. നിശബ്ദമായ സുവിശേഷപ്രഘോഷണത്തിന്റെ സമൂർത്തഭാവമാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്.

ഇത് MMBയുടെ മാത്രം തനതായ രീതിയല്ല പ്രത്യുത ഫ്രാൻസിസ്ക്കൻ ജീവിതത്തിന്റെ സത്താപരമായ സവിശേഷതയാണ്. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ജീവിതസാക്ഷ്യത്തിന്റെ അനുകരണമാണ് ഈ സുവിശേഷപ്രഘോഷണം. ഒരിക്കൽ അസ്സീസിയിലെ വി. ഫ്രാൻസിസ് തന്റെ സഹോദരന്മാരെ വിളിച്ച് നമുക്ക് സുവിശേഷപ്രഘോഷണത്തിന് പോകാമെന്ന് പറഞ്ഞ് പട്ടണത്തിലേക്ക് പോയി. പട്ടണം ചുറ്റി അവർ തിരിച്ചെത്തിയപ്പോൾ സഹോദരന്മാർ വിശുദ്ധനോട് ചോദിച്ചു: ''നാം സുവിശേഷം ഒന്നും പ്രസംഗിച്ചില്ലല്ലോ'' എന്ന്. നാം സുവിശേഷം പ്രസംഗിക്കുകയായിരുന്നല്ലോയെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ''സർവ്വസൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുക'' (മർക്കോസ് 16:15) എന്ന യേശുവിന്റെ കല്പനയുടെ നിർവ്വഹണത്തിന് തനതായ രീതികൾ തുറന്നുതരുകയായിരുന്നു വിശുദ്ധ ഫ്രാൻസിസ് അസ്സീസി. ഭിക്ഷാടനം തൊഴിലായും ഉപജീവനോപാധിയായും തട്ടിപ്പിനുള്ള മാർഗ്ഗമായും മാഫിയാസംഘങ്ങളുടെ ബിസിനസ്സായും ഉപയോഗിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ എങ്ങനെയാണ് ബ്രദർ ഗബ്രിയേലിന്റെ കൈനീട്ടലുകൾ മാത്രം മഹത്വവത്കരിക്കപ്പെടുന്നത്? അതിന്റെ കാരണം ഈ ഭിക്ഷാടനത്തിന്റെ പ്രത്യേകതകളായിരുന്നു. ബ്രദർ ഗബ്രിയേൽ പഴയാറ്റിലിന്റെ ഇരിങ്ങാലക്കുടയിലെയും പരിസരപ്രദേശങ്ങളിലെയും പതിറ്റാണ്ടുകൾ നീണ്ട ''തെണ്ട''ലുകൾ അഗതികൾക്കായുള്ള വെറും കൈനീട്ടലുകൾ മാത്രമായി കുറച്ചുകാണുന്നത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുമെന്നു തോന്നുന്നില്ല. മറിച്ച് അത് ഒരു സുവിശേഷപ്രഘോഷണമായിരുന്നു, കൈകളിൽനിന്ന് കൈകളിലേക്ക് അതിലൂടെ ഹൃദയത്തിലേക്കും കൈമാറ്റപ്പെട്ട സുവിശേഷപ്രഘോഷണം.

ഇരിങ്ങാലക്കുട നിവാസികൾ അതിന്റെ ഗുണഭോക്താക്കളും സാക്ഷികളുമായതുകൊണ്ടാണ് അവർ തന്നെ അതിന്റെ നേർസാക്ഷ്യങ്ങളുമായി മുന്നോട്ടുവരുന്നത്. അതിനാലാണ് ബ്രദർ ഗബ്രിയേലുമായി പതിറ്റാണ്ടുകൾ നിലനിന്നിരുന്ന ബന്ധത്തിന്റെ പശ്ചാത്തലത്തിൽ ഇരിങ്ങാലക്കുട നിവാസി കൂടിയായ ശ്രീമാൻ എം. പി. ജാക്സൺ ഇപ്രകാരം പറഞ്ഞത്: ''ബ്രദർ ഗബ്രിയേലുമായി സംസാരിക്കുമ്പോൾ എന്റെ ഹൃദയം തരളിതമാകുമായിരുന്നു. അദ്ദേഹം എന്റെ കൈകളിൽ പിടിക്കുമ്പോൾ എനിക്ക് ലഭിച്ചിരുന്നത് ഒരു നവോന്മേഷമായിരുന്നു. അതിനാൽതന്നെ എല്ലാ ഞായറാഴ്ചയും അദ്ദേഹത്തെ കാണാനായി ഞാൻ ദൈവപരിപാലനാഭവനത്തിൽതന്നെ ദിവ്യബലിക്ക് പോകുമായിരുന്നു

# ബ്രദർ ഗബ്രിയേലിന്റെ ജീവിതദർശനം



**– ഫാ. ഹർഷജൻ പഴയാറ്റിൽ കപ്പൂച്ചിൻ, ബ്രദർ ഗബ്രിയേലിന്റെ സഹോദരൻ**

ഞങ്ങളുടെ അപ്പനും അമ്മയും ആയിരുന്നു ഞങ്ങളുടെ വളർച്ചയ്ക്ക് കാരണം. ജ്യേഷ്ഠൻ 5 വയസ്സു മുതൽ 7 വയസ്സു വരെ സംസ്കൃതം പഠിച്ചു. തുടർന്ന് സ്കൂൾ വിദ്യാഭ്യാസം. 14 വയസ്സ് മുതൽ ഭക്തസംഘടനകളിലൂടെ ജാതിമതഭേദമന്യേ സർവ്വസാഹോദര്യത്തിന്റെ സ്നേഹസന്ദേശം പകർന്നു നല്കി.. കാരണം ദൈവം സർവ്വരുടേയും പിതാവാണ്; നാം മക്കളും. അതിനാൽ സർവ്വസാഹോദര്യം ഉള്ളിൽ തട്ടി മനോഭാവം കൊണ്ട് തനിമയാർന്ന സ്നേഹത്തിൽ വളരുന്നവർ ദൈവത്തോളം മഹത്തുക്കളാകും; വർഗ്ഗവാദികൾ നശിക്കും എന്ന ഉൾക്കാഴ്ച ജ്യേഷ്ഠന് അന്നേ ഉണ്ടായിരുന്നു. ഇതിന് അടിത്തറ അമ്മയുടെ വാക്കുകളാണ്: ''മക്കളേ, കൊടുത്തതേ ഉള്ളൂ, തിന്നത് പോയി''. എന്നേക്കാൾ എട്ടു വയസ്സ് കൂടുതലുള്ള ജ്യേഷ്ഠന് 14-15 വയസ്സുമുതൽ പക്വതയും നേതൃത്വകഴിവും സ്വന്തമായിരുന്നു. 17 വയസ്സിൽ വേദപാഠ ഹെഡ്മാസ്റ്റർ. എനിയ്ക്ക് 7 വയസ്സായപ്പോൾ എന്റെ വല്ല്യേട്ടൻ 17 വയസ്സുള്ള തടിയനായിരുന്നു. അപ്പനില്ലാത്തപ്പോൾ തെറ്റ് ചെയ്താൽ എന്നേയും അനുജൻമാരേയും ചിലപ്പോൾ ശിക്ഷിക്കും. അത് കാർക്കശ്യത്തിന്റെ ഫലമായിട്ടല്ല മറിച്ച് മൂല്യാധിഷ്ഠിത ജീവിതം ഉറപ്പുവരുത്താനായിരുന്നു. ഞാൻ കരഞ്ഞാലും എന്നെ രക്ഷിക്കാൻ വേണ്ടി ജ്യേഷ്ഠൻ സത്യത്തെ അസത്യമാക്കില്ല. ചെയ്ത കുറ്റം ഇല്ലാതാക്കില്ല. ശിക്ഷ ഇല്ലാതാക്കില്ല. എന്നാൽ ശിക്ഷ ഇളവ് ചെയ്യും. വലിയ ശിക്ഷയാണെങ്കിൽ, എട്ടു



പേർക്കും എട്ട് മുറികൾ ഉണ്ടായിരുന്നതുകൊണ്ട് അവനവന്റെ മുറിയിൽ ഇരുന്ന് ധ്യാനിക്കാൻ പറയും. അപ്പൻ വരുമ്പോൾ ഞങ്ങളുടെ ദയാഹർജി കേട്ട് മിക്കവാറും അതും വിട്ടുവീഴ്ച ചെയ്യും. എന്നും കുടുംബപ്രാർത്ഥന കഴിഞ്ഞ് അപ്പന്റേയും അമ്മയുടേയും കൈ മുത്തി അനുഗ്രഹം വാങ്ങും. ഇളയ സഹോദരന്മാർ മൂത്തവരുടെ കൈ മുത്തണം. ഈ ആചാരം ഞങ്ങളെ കുടുംബാരൂപിയിൽ വളർത്തിയിട്ടുണ്ട്. അത്താഴസമയത്ത് അപ്പന്റെ ഉരുള ഓരോരുത്തർക്കും കിട്ടുന്നതോടുകൂടി സ്നേഹത്തിൽ വയർ നിറഞ്ഞു. സ്നേഹ കുടുംബാരൂപിയിൽ ഞങ്ങൾ വളർന്നു.


വീട്ടിലും പറമ്പിലും മുരിയാട് കോൾപടവുകളിലും ജോലി ചെയ്തിരുന്ന ഞങ്ങളുടെ സ്ഥിരം തൊഴിലാളികളുടെ നേതൃത്വം 20-ാം വയസ്സിൽ ജ്യേഷ്ഠൻ ഏറ്റെടുത്തു. അവരോട് കാർക്കശ്യത്തേക്കാൾ അനുകമ്പയായിരുന്നു. അപ്പനും അമ്മയ്ക്കും ഞങ്ങൾക്കും ജ്യേഷ്ഠൻ അഭിമാനമായിരുന്നു. ചുറ്റിലുമുള്ള രോഗികളായ ശിശുക്കളെ ജ്യേഷ്ഠന്റെ അടുക്കൽ കൊണ്ടുവരുമായിരുന്നു. ജ്യേഷ്ഠൻ പ്രാർത്ഥിക്കുമ്പോൾ മിക്ക രോഗങ്ങളും സുഖപ്പെട്ടിട്ടുണ്ട്. 1947-ൽ ബഹുമാനപ്പെട്ട മാർട്ടിൻ കപ്പൂച്ചിനെയും MMBയുടെ സ്ഥാപകനായ ബഹുമാനപ്പെട്ട സഖറിയാസച്ചനേയും കണ്ടു. അങ്ങനെ 26-ാം വയസ്സിൽ 1952 ജൂലായ് 3-ന് തൃശൂർ അടുത്തുള്ള മരിയാപുരത്ത് ഫ്രാൻസിസ്ക്കൻ മലബാർ മിഷനറി സന്യാസസമൂഹത്തിൽ ചേർന്നു.

യാത്ര അയയ്ക്കാൻ ഞാനും കൂടെ പോയിരുന്നു. ജ്യേഷ്ഠന്റെ അസാധാരണ സന്തോഷം കണ്ടപ്പോൾ ഞാൻ കാരണം തേടി. ജ്യേഷ്ഠൻ മറുപടി പറഞ്ഞു: ഇന്ന് വിശുദ്ധ തോമാശ്ലീഹായുടെ തിരുനാളല്ലെ. ഞാനും ഈശോയോടുകൂടെ പാവങ്ങൾക്കായി മരിക്കാൻ പോകുകയാണ്. അത് ആവേശം അണപൊട്ടിയ നിമിഷങ്ങളായിരുന്നു. മരണത്തോളമുള്ള ജ്യേഷ്ഠന്റെ സമർപ്പണം കരുണയുടെ കരുത്തുറ്റ പദ്ധതികൾക്കും സേവനങ്ങൾക്കും കാരണമായി. സമൂഹത്തിൽ ചേർന്ന് ഒരു മാസത്തിനകം 1952 ആഗസ്റ്റ് 2-ന് ഇരിങ്ങാലക്കുട ദൈവപരിപാലനാഭവനത്തിന്റെ അസിസ്റ്റന്റ് മാനേജരായി ബഹു. സഖറിയാസച്ചൻ ജ്യേഷ്ഠനെ നിയമിച്ചു. അന്നത്തെ മാനേജർ ഇരിങ്ങാലക്കുട പള്ളി അസിസ്റ്റന്റ് വികാരി സ്നേഹസ്മരണാർഹനായ മാർ ജോസഫ് കുണ്ടുകുളം പിതാവായിരുന്നു. 1953-ൽ ഇരിങ്ങാലക്കുടക്കാരുടെ സംഭാവന പിരിച്ച് പ്രധാന കെട്ടിടത്തിന്റെ പണി ജ്യേഷ്ഠൻ പൂർത്തിയാക്കി. 1953 ഡിസംബർ 6-ന് അഭിവന്ദ്യ കർദ്ദിനാൾ തിസരന്റ് ആ കെട്ടിടം വെഞ്ചരിച്ചു.

1954 മാർച്ച് 6-ന് ബഹു. ഫാ. മാർട്ടിൻ കപ്പൂച്ചിന്റെ കീഴിൽ ഫ്രാൻസിസ്ക്കൻ MMB നൊവിഷിയേറ്റ്. 1956-ൽ വ്രതവാഗ്ദാനം. പേര് ബ്രദർ ഗബ്രിയേൽ പഴയാറ്റിൽ എം. എം. ബി. 1956-79ൽ ഇരവിമംഗലം പള്ളിയിൽ ഞായറാഴ്ചകളിൽ മിഷൻ പ്രവർത്തനം. 1958-ൽ മർത്താഭവൻ അഞ്ചേരിയും 1962-ൽ പൊന്നൂക്കര CSM കോൺവെന്റും 1964-ൽ മുളയം കുഷ്ഠരോഗാശുപത്രിയും 1965-ൽ കാച്ചേരി മഡോം സെഹിയോന ധ്യാനകേന്ദ്രവും പണിയുന്നതിന് മുഖ്യ പങ്കുവഹിച്ചു.

സഭയുടെ ആരംഭകാലത്ത് നിലനിൽപ്പിനുള്ള ഒട്ടേറെ സർഗ്ഗാത്മകപ്രവർത്തനങ്ങൾ ആരംഭിച്ചു. MMB സമൂഹത്തിന് ഇന്നുള്ള പഴയ കെട്ടിടങ്ങൾ നല്ലൊരുപങ്കും ബ്രദർ ഗബ്രിയേലിന്റെ വിയർപ്പാണ്. 1979 മേയ് 5-ന് സമൂഹത്തിന്റെ പൊതുതിരഞ്ഞെടുപ്പിൽ ബ്രദർ ഗബ്രിയേലിനെ സുപ്പീരിയർ ജനറലായി തിരഞ്ഞെടുത്തു. റോമിൽനിന്നും നിയമാവലിയ്ക്ക് അംഗീകാരം നേടി. 1982 മെയ് മാസത്തിൽ ബ്രദർ ഗബ്രിയേലിനെ വീണ്ടും സുപ്പീരിയർ ജനറലായി തിരഞ്ഞെടുത്തു. 1984-ൽ കൗൺസിലേഴ്സിന്റെ കൂടെ റോമിൽ മാർപാപ്പയെ സന്ദർശിച്ചു. അങ്ങനെ മൂന്ന് വട്ടം MMBയുടെ സുപ്പീരിയർ ജനറലായി. ദൈവാരൂപി കൊടുത്ത ഉൾക്കാഴ്ചയോടെ, തിരിച്ചറിവോടെ, ഏത് കുരിശും സത്യത്തിനുവേണ്ടി, സ്നേഹതനിമയ്ക്കുവേണ്ടി ധീരമായി ജീവിച്ചു. ദൈവം ബ്രദറിനോടുകൂടെ ഉണ്ടായിരുന്നു. ഫ്രാൻസിസ്ക്കൻ ദാരിദ്ര്യാരൂപിയായിരുന്നു അദ്ദേഹത്തിന്റെ സ്വത്ത്; ആത്മാർത്ഥതയും കാരുണ്യവും കഠിനാദ്ധ്വാനവുമായിരുന്നു ബ്രദറിന്റെ കൈമുതൽ; ദിവ്യകാരുണ്യനാഥനായിരുന്നു അദ്ദേഹത്തിന്റെ ശക്തി. അങ്ങനെ ആരും പോരുമില്ലാത്ത അപ്പച്ചന്മാർക്ക് ആശ്രയമായി; അവർക്കായി പലയിടങ്ങളിലായി





സേവനാലയങ്ങൾ പണി കഴിപ്പിച്ച് സ്നേഹത്തിന്റെ മിഷനറിയായി. തോൽക്കാനല്ല,നേടാനല്ല,വളരാനാണ്,അങ്ങനെപള്ളി(സഭ)പണിക്കാരാകാനാണ് സന്യാസവസ്ത്രം ഫ്രാൻസിസ് തന്നത്. സഹനത്തെ സമ്മാനമായി കാണുന്നതിലാണ് മഹത്വം. അതിന് അടുപ്പം പണ്ടേ മൊട്ടിരുന്നു. വിരുദ്ധധ്രുവങ്ങൾക്കിടയിൽ നേരിന്റെ കിടപ്പ് എങ്ങനെയാണെന്നറിയാൻ ജാതി മതഭേദമന്യേ നമ്മുടെ സ്നേഹത്തിന്റെ ഒഴുക്ക് നോക്കിയാൽ ഗതി അറിയാം. അങ്ങനെ ഉടയാത്ത മൂല്യങ്ങൾക്ക് താൻ അടയിരുന്നതും വളർന്നതും ഒരു ജീവിതകാലം മുഴുവൻ.

ബഹു. ബ്രദർ ഗബ്രിയേലിന്റെ അവസാന വർഷങ്ങൾ താൻ പണിതുപൂർത്തിയാക്കിയ ഇരിങ്ങാലക്കുടയിലെ ദൈവപരിപാലനാഭവനത്തിലെ ആരുംപോരുമില്ലാത്ത അഗതികളായ അപ്പച്ചന്മാർക്കായി ജീവിച്ചു, അവരെ ശുശ്രൂഷിച്ചു. ദിവസങ്ങളോളം വയറ്റിൽനിന്നും പോകാത്തവരായിരിക്കും വഴിയരികിൽനിന്നും ബ്രദർ കൊണ്ടുവരുന്ന ചിലർ. അവർ കിടന്ന കിടപ്പിൽ ആവശ്യങ്ങൾ നടത്തിയാൽ ബ്രദർ ഗബ്രിയേൽ തന്നെ കഴുകി ശുചിയാക്കുമായിരുന്നു. പലവട്ടം സോപ്പിട്ടു കഴുകിയാലും ബ്രദറിന്റെ കൈകളിലെ ദുർഗന്ധം പോകാറില്ലത്രേ. രോഗിയുടെ മണമുള്ള കൈ കൊണ്ടുതന്നെ ജ്യേഷ്ഠൻ തന്റെ അന്നന്നേപ്പം കഴിക്കാറുണ്ട്. അതിലെ ആദ്ധ്യാത്മിക സുഗന്ധം തന്റെ വളർച്ചയ്ക്ക് വളമായി മാറി. ഇതാണ് MMB ബ്രദേഴ്സിന്റെ സേവനം. അവരുടെ കാലുമുത്താൻ ഞാൻ യോഗ്യനല്ല. പലപ്പോഴും എന്റെ ജ്യേഷ്ഠൻ ബ്രദർ ഗബ്രിയേലിന്റെ കൈകൾ ഞാൻ മുട്ടുകുത്തി ബലമായി മുത്തിയിട്ടുണ്ട്.

ബ്രദർ ഗബ്രിയേൽ മരിക്കുന്നതിന് ഏതാനും ദിവസം മുമ്പ് ബാത്ത്റൂമിൽ വീണ് എല്ലുകൾ പൊട്ടിയിരുന്നു. മരണദിവസം പകുതി അബോധാവസ്ഥയിലായിരുന്നു. എന്നാലും വേദന കൊണ്ട് ഞരങ്ങുമായിരുന്നു. തീവ്രവേദനയിൽ ഞരങ്ങുന്ന ജ്യേഷ്ഠനോട് ഞാൻ ചെവിയിൽ ചോദിച്ചു: വീട്ടിൽനിന്നും ഇറങ്ങിപ്പോന്നത് ഈശോയോടുകൂടി മരിക്കാനാണെന്ന് പറഞ്ഞിട്ട് ഇപ്പോൾ? ബ്രദർ ഗബ്രിയേൽ കണ്ണു തുറന്ന് എന്നെ നോക്കി. വേദനയിലും ശാന്തമായി 2023 ആഗസ്റ്റ് 14-ന് ഞങ്ങളുടെ സഹോദരൻ ബ്രദർ ഗബ്രിയേൽ ദൈവഭവനത്തിലേക്ക് മടങ്ങി.

ഞങ്ങളുടെ സഹോദരനെ ഇത്ര വളർത്തിയ ദൈവത്തിനും MMB സമൂഹത്തിനും, അവസാനം വരെ സംരക്ഷിച്ച ബഹു. ബ്രദർ ഗിൽബർട്ടിനും, ജ്യേഷ്ഠന്റെ സേവനങ്ങൾ പരിഗണിച്ച് ''കേരളസഭാതാരം'' അവാർഡ് അംഗീകാരമായി കൊടുത്ത ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിനും, ഇരിങ്ങാലക്കുട രൂപത മുഖപത്രമായ 'കേരളസഭ'യ്ക്കും, ഏറെനാൾ ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളി വികാരിയെന്ന നിലയിൽ പരിഗണന കാണിച്ച ഞങ്ങളുടെ അമ്മവീട്ടുകാരൻ അഭിവന്ദ്യ മാർ ജോബി (സെബാസ്റ്റ്യൻ) പൊഴോലിപറമ്പിൽ പിതാവിനും, വന്ദ്യവൈദികർക്കും സന്യസ്തർക്കും, ഇരിങ്ങാലക്കുടക്കാർക്കും, എന്റെ കുടുംബാംഗങ്ങൾക്കും നിങ്ങൾക്കോരോരുത്തർക്കും നന്ദി! നന്ദി! ദൈവമേ നന്ദി!

## October

| | | |
|---|---|---|
| 04 | Bro. Carmel Chittilappilly | D |
| | Bro. Franco Kannampuzha | F |
| | Bro. Sunny Pallippurathikaran | F |
| | Bro. Francis Pynadath | F |
| 12 | Bro. Edwin Kuttickal | F |
| | Bro. Jyothilal Mankottil | D |
| 13 | Bro. Lawrence Kilivallikkal | D |
| 16 | Bro. Shyju Vellaringattu | B |
| 22 | Bro. Thomas Thrikkukkaran | D |
| 27 | Bro. Abraham Ooril | F |
| 28 | Bro. Thaddeus Arackal | F |

## November

| | | |
|---|---|---|
| 01 | Bro. Berard Thattil | D |
| | Bro. Paulose Arumbuparambil | B |
| 03 | Bro. Francis Chirayath | D |
| | Bro. Xavier Nellissery | D |
| 03 | Bro. Jain Vadakkedath | F |
| | Bro. Norvy Valiamurathangal | F |
| 04 | Bro. Charles Airookkaran | F |
| 13 | Bro. Sani Anchanickal | F |
| 16 | Bro. Antony Karumalickal | D |
| 25 | Bro. Paschal Pallillunnath | D |
| 26 | Bro. Louis Manjaly | D |
| 28 | Bro. Joseph Polakkattil | D |

F - Feast Day    B - Birthday    D - Death Anniversary

Published by the Department of Public Relations, **MMB Generalate, Marathakkara**
Thrissur – 680 306 Kerala - India. Phone: 0487 2355203. email: mmbgeneralate@gmail.com
Chief Editor: **Bro. Paulose Arumbuparambil** | Sub-Editors: **Bro. Francis Pynadath** | **Bro. Fidelis Kaprayil**

*Design and layout*: **Union Press**
Mariapuram, Thrissur, Kerala, India
mmboffset1@gmail.com | 9605 015 095